**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 197** **24-06-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേമ പെൻഷൻ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2024 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ വിതരണം നടത്തിയത് ഏതെല്ലാം മാസങ്ങളിലേക്കുള്ള ക്ഷേമ പെൻഷനാണ് എന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) | ക്ഷേമ പെൻഷൻ സംബന്ധിച്ച 2023-ലെ ഉത്തരവുകളിൽ ഏത് മാസത്തെ ക്ഷേമ പെൻഷനാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കിയിരുന്നോ; വിശദമാക്കുമോ; | (ബി) | 07.03.2024-ലെ സ.ഉ. (സാധാ )നം.2235/2024 ധന ഉത്തരവ് പ്രകാരം ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ചും, 11.03.2024-ലെ സ.ഉ.(സാധാ) നം. 2285/2024/ധന ഉത്തരവ് പ്രകാരം രണ്ടു മാസത്തെ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ചും, 15.03.2024-ലെ സ.ഉ. (സാധാ) നം. 2438/2024/ധന ഉത്തരവ് പ്രകാരം ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ചും ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുകളിൽ ഏതൊക്കെ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷനാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കിയിരുന്നില്ല. ഏപ്രിൽ, മെയ് എന്നീ മാസങ്ങളിൽ അനുവദിച്ച സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ സംബന്ധിച്ച ഉത്തരവുകൾ മാർച്ച് മാസത്തിൽ മുൻകൂറായാണ് പുറപ്പെടുവിച്ചിരുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ബില്ല് ജനറേറ്റ് ചെയ്യുന്ന മുറയ്ക്കേ പെൻഷൻ തുക സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമാകുകയുള്ളൂ. ആയതിനാലാണ് മാസം വ്യക്തമാക്കാതിരുന്നത്. |
| (സി) | എങ്കിൽ 2024-ൽ ഇറക്കിയ ക്ഷേമ പെൻഷൻ സംബന്ധിച്ച ഉത്തരവുകളിൽ ഏതൊക്കെ മാസങ്ങളിലെ കുടിശികയാണ് നൽകുന്നത് എന്ന് വ്യക്തമാക്കാത്തതിന്റെ കാരണം വിശദമാക്കാമോ? | (സി) | 07.03.2024-ലെ സ.ഉ. (സാധാ )നം.2235/2024 ധന ഉത്തരവ് പ്രകാരം ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ചും, 11.03.2024-ലെ സ.ഉ.(സാധാ) നം. 2285/2024/ധന ഉത്തരവ് പ്രകാരം രണ്ടു മാസത്തെ |

| | | | | |
|---|---|---|---|---|
| | | | | സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ചും, 15.03.2024-ലെ സ.ഉ. (സാധാ) നം. 2438/2024/ധന ഉത്തരവ് പ്രകാരം ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ചും ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുകളിൽ ഏതൊക്കെ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷനാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കിയിരുന്നില്ല. ഏപ്രിൽ, മെയ് എന്നീ മാസങ്ങളിൽ അനുവദിച്ച സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ സംബന്ധിച്ച ഉത്തരവുകൾ മാർച്ച് മാസത്തിൽ മുൻകൂറായാണ് പുറപ്പെടുവിച്ചിരുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ബില്ല് ജനറേറ്റ് ചെയ്യുന്ന മുറയ്ക്കേ പെൻഷൻ തുക സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമാകുകയുള്ളൂ. ആയതിനാലാണ് മാസം വ്യക്തമാക്കാതിരുന്നത്. |

സെക്ഷൻ ഓഫീസർ